(ബി) ഓരോ പ്രവൃത്തികളുടെയും ലക്ഷ്യങ്ങൾ എന്തെല്ലാം ; വ്യക്തമാക്കാമോ ;

(സി) ഓരോന്നിന്റെയും അടങ്കൽ തുക, പ്രവർത്തനരീതി എന്നിവ വിശദീകരിക്കാമോ ?

ഉത്തരം

(എ-സി) ഈ സർക്കാർ അധികാരമേറ്റ ശേഷം കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ വ്യവസായവകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

സിഡ്കോയിൽ പെൻഷൻ പറ്റിയവർക്ക് പുനർനിയമനം

102 (5907) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സിഡ്കോയിൽ ഹെഡ് ഓഫീസ്, മാർക്കറ്റിങ്, എംപോറിയം, യൂണിറ്റുകൾ എന്നിവിടങ്ങളിൽ ഈ സർക്കാർ അധികാരമേറ്റശേഷം പെൻഷൻ പറ്റിയവർക്ക് പുനർനിയമനം നൽകിയിട്ടുണ്ടോ എന്നും അവർ ജോലി ചെയ്യുന്ന/ചെയ്ത തസ്തികകൾ, അവരുടെ പേരുകൾ, ഓരോരുത്തരും വാങ്ങിയ പ്രതിമാസ ശമ്പളം, ഇതുവരെ വാങ്ങിയ ആകെ ശമ്പളം ഓരോരുത്തരും നിയമിക്കപ്പെട്ട തീയതി എന്നീ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) സിഡ്കോയിൽ നിലവിൽ എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുവെന്നും അവ ഏതൊക്കെയാണെന്നും പ്രസ്തുത തസ്തികകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ബി) സിഡ്കോയിൽ നിലവിൽ എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുവെന്നും അവ ഏതൊക്കെയാണെന്നും പ്രസ്തുത തസ്തികകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്നുമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

സിഡ്കോയിൽ 8-1-2015-ൽ സർക്കാർ ഉറപ്പിച്ചനൽകിയ സ്റ്റാഫ് പാറ്റേൺ പ്രകാരം ഒഴിഞ്ഞുകിടക്കുന്ന തസ്തികകളും അതിനോടനുബന്ധിച്ചുള്ള വിവരങ്ങളും ചുവടെ നൽകുന്നു :

ക്രമ നമ്പർ	തസ്തിക	ഒഴിവ്	
(1)	(2)	(3)	(4)
1	ജനറൽ മാനേജർ	1	ഈ തസ്തികകൾ പി.എസ്.സി.-യുടെ പരിധിയിൽ വരുന്നതല്ലാത്തതിനാൽ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല
2	ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ	1	
3	ചീഫ് അക്കൗണ്ട്സ് ഓഫീസർ	1	
4	ഡെപ്യൂട്ടി ജനറൽ മാനേജർ	2	
5	ഡെപ്യൂട്ടി ജനറൽ മാനേജർ (മാർക്കറ്റിംഗ്)	2	
6	കമ്പനി സെക്രട്ടറി	1	
7	അസിസ്റ്റന്റ് ജനറൽ മാനേജർ (ടെക്നിക്കൽ)	2	
8	അസിസ്റ്റന്റ് ജനറൽ മാനേജർ (അക്കൗണ്ട്സ്)	2	
9	അസിസ്റ്റന്റ് ജനറൽ മാനേജർ (കോ-ഓർഡിനേഷൻ)	1	
10	അസിസ്റ്റന്റ് ജനറൽ മാനേജർ (എൻഫോഴ്സ്മെന്റ്)	1	
11	ആർക്കിടെക്ട്	1	
12	എക്സിക്യൂട്ടീവ് എഞ്ചിനീയർ	1	
13	പബ്ലിക് റിലേഷൻസ് ഓഫീസർ	1	
14	സീനിയർ മാനേജർ (സിസ്റ്റംസ്)	1	
15	സീനിയർ മാനേജർ (മാർക്കറ്റിംഗ്)	5	
16	സീനിയർ മാനേജർ (ടെക്നിക്കൽ)	2	

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)
17	സീനിയർ മാനേജർ (ടെക്നിക്കൽ) പ്രഷർ ലഡൈകാസ്റ്റിംഗ് യൂണിറ്റ്	1	ഈ തസ്തികകൾ പി.എസ്.സി.-യുടെ പരിധിയിൽ വരുന്നതല്ലാത്തതിനാൽ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല
18	വെൽഫയർ ഓഫീസർ	1	
19	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ	1	
20	അസിസ്റ്റന്റ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ	1	
21	അസിസ്റ്റന്റ് പബ്ലിക് റിലേഷൻസ് ഓഫീസർ	1	
22	ക്വാളിറ്റി കൺട്രോൾ എഞ്ചിനീയർ	1	
23	പർച്ചേഴ്സ് എഞ്ചിനീയർ	1	
24	എൽ.ഡി. അക്കൗണ്ടന്റ്	25	14 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്
25	എൽ.ഡി. ക്ലാർക്ക്	56	33 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.
26	എൽ.ഡി. ടൈപ്പിസ്റ്റ്	15	ഒഴിവ് റിപ്പോർട്ട് ചെയതിട്ടില്ല
27	ഫോർമാൻ	11	ഇതിൽ 8 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്
28	ലാസ്റ്റ് ഗ്രേഡ്/പ്യൂൺ/വാച്ച്മാൻ	12	3 ഒഴിവുകൾ പി.എസ്.സി.-യിൽ (1 വാച്ച്മാൻ സ്പെഷ്യൽ റിക്രൂട്ട്മെന്റ് +2 പ്യൂൺ തസ്തിക) റിപ്പോർട്ട് ചെയ്തിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly